# <u>2. കളിവീട്</u>


അധ്യാപകന്റെ പേര് :

വിദ്യാലയത്തിന്റെ പേര് :

ക്ലാസ് :

വിഷയം :

സമയം :

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>സ്വപ്നത്തിലെ വീട്</u>**<br>ഭാഷയിലെ കുട്ടിപ്പുര എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു.<br><br>ആർക്കാണ് കുട്ടിപ്പുര വേണമെന്ന് പറഞ്ഞത് ? സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുരയിൽ എന്തൊക്കെയാണുള്ളത് ? സാവിത്രിക്കുട്ടിയുടെ സ്വപ്നത്തിലെ വീട് എങ്ങനെയുള്ളതാണ് ?<br><br>ടി.ബി ചിത്രം നിരീക്ഷിക്കുന്നു. വ്യക്തിഗതമായി വായിക്കുന്നു. ബഞ്ച് ഗ്രൂപ്പിൽ വായിക്കുന്നു. പ്രയാസമുള്ളവരെ ടീച്ചർ സഹായിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് ടീച്ചറിന്റെ ചോദ്യങ്ങൾ<br><br>സ്വപ്നത്തിലെ വീട് എങ്ങനെയുള്ളതാണ് ?<br><br>വീടിന്റെ ഭാഗങ്ങൾ ഏതൊക്കെയാണ് ?<br><br>സ്വപ്നത്തിലെ വീട്ടിൽ എന്തൊക്കെയുണ്ട്.?<br><br>കുട്ടികൾ ചിത്രം നിരീക്ഷിച്ച് കണ്ടെത്തി പറയുന്നു...?<br><br>( തുടർന്ന് സ്വന്തം വീടിനെക്കുറിച്ച് പറയാനവസരം )<br><br>സ്വപ്നത്തിൽ കണ്ട വീട് സാവിത്രിക്കുട്ടി ഉണ്ടാക്കി. ആ വീട് നമുക്ക് കാണാം.<br><br>ICT ചിത്രം ( ടി.ബി.24) പ്രദർശിപ്പിക്കുന്നു.<br><br>സാവിത്രിക്കുട്ടി നിർമിച്ച വീട് ഇഷ്ടമായോ ?<br><br>വീടിന് ഏതെല്ലാം നിറങ്ങൾ ?<br><br>എല്ലാ നിറത്തിനും ഒരേ രൂപമാണോ ?<br><br>ഏതെല്ലാം രൂപങ്ങൾ ഉണ്ട് ?<br><br><br><br>ഈ ഓരോ രൂപവും എത്രയുണ്ടെന്ന് കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു. | |

രൂപങ്ങൾ എണ്ണിയെഴുതിയത് ഗ്രൂപ്പിൽ വിലയിരുത്തുന്നു. ഗ്രൂപ്പിന്റെ കണ്ടെത്തൽ അവതരിപ്പിക്കുന്നു. ഓരോ രൂപത്തിന്റെയും പേര് പരിചയപ്പെടുന്നു.

എല്ലാ ഗ്രൂപ്പിന്റെയും അവതരണത്തിനു ശേഷം ടീച്ചർ ICT ചിത്രം ( ടി.ബി.24) പ്രദർശിപ്പിക്കുന്നു. ഓരോ രൂപവും പോസ് ചെയ്ത് എണ്ണിനോക്കാൻ അവസരം ഒരുക്കുന്നു. കുട്ടികൾ ടി.ബി പ്രവർത്തനം പൂർത്തിയാക്കുന്നു.

തുടർപ്രവർത്തനം

നോട്ട് ബുക്കിൽ ഒരു വീടിന്റെ ചിത്രം സ്കെയിൽ ഉപയോഗിച്ച് വരച്ച് നിറം നൽകാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

ക്ലാസിൽ വിലയിരുത്തുന്നു. വ്യക്തിഗതമായി വരച്ച ചിത്രങ്ങൾ ബഞ്ച് ഗ്രൂപ്പിൽ വിലയിരുത്തുന്നു.

വിലയിരുത്തി മെച്ചപ്പെട്ടത് കണ്ടെത്തുന്നു. ക്ലാസിൽ പൊതുവായി പ്രദർശിപ്പിക്കുന്നു.

ഗ്രൂപ്പിലെ നല്ല ചിത്രം ഏത് ? എങ്ങനെ കണ്ടെത്താം ?

ഓരോ ഗ്രൂപ്പിനും പറയാനവസരം നൽകുന്നു..?

ടീച്ചർ വിലയിരുത്തൽ സൂചകങ്ങൾ ബി.ബിയിൽ എഴുതുന്നു....

- വീടിന്റെ ആകൃതി പാലിച്ച് വരച്ചിട്ടുണ്ട്
- പ്രധാനഭാഗങ്ങൾ ഉണ്ട്.
- ആവശ്യമായ വലുപ്പത്തിൽ വരച്ചിട്ടുണ്ട്
- ഉചിതമായ നിറം നൽകിയിട്ടുണ്ട്.

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ വിലയിരുത്തി മികച്ചത് കണ്ടെത്തുന്നു...

തുടർപ്രവർത്തനം


- ഒരു വീടിന്റെ രേഖാചിത്രം എ 4 ൽ നൽകുന്നു.. കുട്ടികളെ കൊണ്ട് നിറം നൽകിക്കുന്നു.. ഒരു രൂപത്തിന് ഒരു നിറം.
- ഒരു എ 4 കുട്ടികൾക്ക് നൽകുന്ന രൂപങ്ങൾ മാത്രം ഉപയോഗിച്ച് വീട് വരച്ച് നിറം നൽകുന്നു.

**<u>വീട് നിർമ്മാണം</u>**

കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു... ഗ്രൂപ്പുകളിൽ ചാർട്ട് പേപ്പർ, ചതുരം , ത്രികോണം, വൃത്തം, സമചതുരം എന്നീ രൂപങ്ങൾ കാർഡ് ബോർഡിൽ വെട്ടിയെടുത്തത്, പശ, ക്രയോൺസ് എന്നിവ നൽകുന്നു. കാർഡ് ബോർഡ് രൂപങ്ങൾ ചാർട്ടിൽ ഒട്ടിച്ച് വീട് നിർമ്മിക്കുന്നു. നിറം നൽകുന്നു. പരിസരം ചിത്രം വരച്ച് ഭംഗിയാക്കുന്നു.

ഓരോ ഗ്രൂപ്പും നിർമ്മിച്ച വീട് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. വിലയിരുത്തുന്നു. മെച്ചപ്പെട്ടതിനെ അഭിനന്ദിക്കുന്നു.

ടീച്ചറുടെ വീടും പ്രദർശിപ്പിക്കുന്നു.



വീട് വരയ്ക്കാം

ഓരോ കുട്ടിക്കും എ 4 പേപ്പർ നൽകുന്നു. ചതുരം ത്രികോണം വൃത്തം എന്നീ രൂപങ്ങൾ ഉൾപ്പെടുത്തി വീടിന്റെ ചിത്രം വരച്ച് നിറം നൽകാൻ ആവശ്യപ്പെടുന്നു. പരസ്പരം വിലയിരുത്തുന്നു. തുടർന്ന് ടി.ബി യിൽ വീടിന്റെ ചിത്രം വരച്ച് നിറം നൽകുന്നു. ടീച്ചർ വിലയിരുത്തുന്നു.

**കളിവണ്ടിക്ക് നിറം നൽകാം**

വേലു ചേട്ടൻ സാവിത്രിക്കുട്ടിക്ക് നിർമ്മിച്ചു നൽകിയ വീടിന്റെ ചിത്രം നിരീക്ഷിക്കുന്നു ( ടി.ബി 26 ). ഇവയ്ക്ക് ടി.ബിയിൽ കൊടുത്ത അതേ നിറം കൊടുക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

**പാറ്റേൺ പൂർത്തിയാക്കാം**


ടി.ബി 26 ലെ പാറ്റേൺ നിരീക്ഷിക്കുന്നു. രൂപങ്ങൾ വിന്യസിച്ചിരിക്കുന്ന ക്രമം മനസ്സിലാക്കുന്നു / അവതരിപ്പിക്കുന്നു. തുടർന്നു വരുന്ന രൂപങ്ങൾ നോട്ടു ബുക്കിൽ വ്യക്തിഗതമായ് വരയ്ക്കുന്നു ഗ്രൂപ്പിൽ വിലയിരുത്തുന്നു / മെച്ചപ്പെടുത്തുന്നു.

**വീട് വരക്കാം**

ടീച്ചർ ബോർഡിൽ നേർരേഖയിൽ കുത്തുകളിടുന്നു ( വീടിന്റെ മോഡൽ ). ഇതിനെ സ്കെയിൽ ഉപയോഗിച്ച് വരച്ചു യോജിക്കാമോ...? ടീച്ചർ അതേ പോലെയുള്ള വർക്ക് ഷീറ്റ് കുട്ടികൾക്ക് നൽകുന്നു. ടീച്ചർ ഒരു വര സ്കെയിൽ ഉപയോഗിച്ച് വരയ്ക്കുന്നു... കുട്ടികളും വരയ്ക്കുന്നു.

ആവശ്യമായ സഹായം ടീച്ചർ കുട്ടികൾക്ക് നൽകണം ( സ്കെയിലെ എങ്ങനെ

പിടിക്കണം, വരയ്ക്കുമ്പോൾ ശക്തിയിൽ അമർത്തി പിടിക്കണം )




ഈ ചിത്രം കുട്ടികൾക്ക് നൽകണം ഇതിന് മുകളിലൂടെ സ്കെയിൽ ഉപയോഗിച്ച് വരയ്ക്കണം

കുട്ടികൾ മറ്റൊരു വീടിന്റെ ചിത്രം നോട്ട് ബുക്കിൽ സ്കെയിൽ ഉപയോഗിച്ച് വരയ്ക്കുന്നു.. ബുദ്ധിമുട്ടുള്ളവർക്ക് സഹായം നൽകുന്നു. വരച്ച് ചിത്രങ്ങളെല്ലാം ക്രയോൺസ് ഉപയോഗിച്ച് നിറം നൽകുന്നു. ശേഷം ടി.ബി പേജ് നമ്പർ 26 ലെ വീട് വരച്ച് നിറം നൽകി പൂർത്തിയാക്കുന്നു. പരസ്പരം വിലയിരുത്തുന്നു...

**മറഞ്ഞിരിക്കുന്നതെന്ത്**

ടീച്ചർ താഴെയുള്ള വർക്ക് ഷീറ്റ് പ്രിന്റെടുത്ത് കുട്ടികൾക്ക് നൽകുന്നു...



COUNTING BY 2

Count by 2 to fill in the missing numbers.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 4 | | 8 | 10 | | 14 | 16 | | 20 |
| 22 | | 26 | | 30 | | | 36 | 38 | |
| | 44 | 46 | 48 | | 52 | 54 | 56 | | 60 |

54, ___ , 58, ___ , 62, ___

20, 22, ___ , ___ , 28, ___

46, ___ , 50, 52, ___ , ___

60, ___ , 64, ___ , 68, ___

32, 34, ___ , ___ , 40, ___

വിട്ടു പോയ ഭാഗങ്ങളിലെ അക്കങ്ങൾ പൂരിപ്പിക്കുന്നു... പ്രയാസമുള്ളവരെ ടീച്ചർ സഹായിക്കുന്നു. ശേഷം ടി.ബി യിലെ സംഖ്യ പാറ്റേൺ മുകളിലുള്ള വർക്ക് ഷീറ്റ് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ വ്യക്തിഗതമായി പൂർത്തിയാക്കുന്നു.... നോട്ടിൽ എഴുതുന്നു.. അവതരിപ്പിക്കുന്നു ടീച്ചർ വിലയിരുത്തുന്നു...

പാറ്റേൺ പൂർത്തിയാക്കാൻ കഴിയാത്തവർക്ക് പാറ്റേണിന്റെ യുക്തി തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള ചോദ്യങ്ങൾ/ സംഖ്യാറിബൺ കാണിച്ച് സഹായിക്കുന്നു. ശേഷം ടി.ബി പേജ് 27 ലെ സംഖ്യകൾക്കു നേരെയുള്ള കുത്തുകൾ ക്രമമായി സ്കെയിൽ ഉപയോഗിച്ച് വരച്ച് യോജിപ്പിക്കുന്നു..

**എന്റെ കടലാസ് വീട്**

എല്ലാവർക്കും സമചതുരാകൃതിയിൽ മുറിച്ച കടലാസ് നൽകുന്നു. കടലാസ് മടക്കി വീടുണ്ടാക്കുന്ന വിധം ടീച്ചർ പൊതുവായി അവതരിപ്പിക്കുന്നു. ടി.ബി യിലെ ഓരോ ഘട്ടങ്ങളും ടീച്ചർ മടക്കി കാണിച്ചു കൊടുക്കുന്നു.

വാതിൽ ജനൽ എന്നിവ നിറമുള്ള കടലാസ് മുറിച്ച് ഒട്ടിക്കുന്നു. ടി.ബിയിൽ ഒട്ടിക്കുന്നു

**വീട് നിർമ്മാണം**

- മുന്നറിവ് പരിശോധനയ്ക്കായി സമ്പാദ്യപ്പെട്ടിയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു...
- - നിങ്ങൾ സമ്പാദ്യപ്പെട്ടിയിൽ പൈസ സൂക്ഷിക്കാറുണ്ടോ...
- ഏതെല്ലാം നോട്ടുകൾ, നാണയങ്ങൾ
- ടീച്ചർ കൊണ്ടു വന്ന ഡമ്മി നോട്ടുകൾ അടങ്ങിയ സമ്പാദ്യപ്പെട്ടി

തുറക്കുന്നു...

- അതിലുണ്ടായിരുന്ന നോട്ടുകൾ ടീച്ചർ കാണിക്കുന്നു...( 10 രൂപാ നോട്ടുകൾ)
- ഇത് ഏത് നോട്ടാണ്..?
- 9 പത്ത് രൂപാ നോട്ടുകൾ കാണിച്ച് എത്രയെണ്ണം..?
- ആകെ എത്ര രൂപ..?
- ഓരോ പത്തു രൂപാ വീതം ചേർത്ത് എണ്ണാൻ കുട്ടികൾക്ക് അവസരം നൽകുന്നു..?
- ഇനി നമുക്കൊരു കളി കളിക്കാം ( കാർഡെടുക്കാം... ഭാഗ്യം നോക്കാം...)
- ക്ലാസിലെ മുഴുവൻ കുട്ടികളും വട്ടത്തിൽ നിൽക്കുന്നു...
- ആകെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഗ്രൂപ്പുകളാക്കാൻ കഴിയുന്ന തരത്തിൽ വ്യത്യസ്ത നിറം കാർഡുകളിൽ നോട്ടിന്റെയും നാണയത്തിന്റെയും എണ്ണം എഴുതിയത് ( തുക പരമാവധി 99 രൂപ) ഒരു പെട്ടിയിൽ അടുക്കിവെക്കുന്നു. ടീച്ചർ പെട്ടി ഓരോ കുട്ടിയുടെയും അടുത്തു കൊണ്ടു പോകുന്നു. ഇഷ്ടമുള്ള ഒരു കാർഡ് വീതം എടുക്കുന്നു....
- ഒരേ നിറം കിട്ടിയവർ ഒരു ഗ്രൂപ്പ്
- ഗ്രൂപ്പിൽ ഓരോരുത്തർക്കും കിട്ടിയ കാർഡിലെ പത്തുകളും ഒന്നുകളും ചേർത്ത് ആകെ രൂപ കണ്ടെത്തുന്നു.
- കാർഡിന്റെ പിറകിൽ വ്യക്തിഗതമായി തുക എഴുതുന്നു
- ഗ്രൂപ്പിന് ചാർട്ട് പേപ്പറിന്റെ പകുതി നൽകുന്നു...
- ഓരോ ഗ്രൂപ്പും അവർക്കു കിട്ടിയ കാർഡുകൾ ചാർട്ടിൽ ഒട്ടിച്ച് ഓരോന്നിനും നേരെ ആകെ രൂപ എഴുതുന്നു.
- ഗ്രൂപ്പിൽ പരിശോധിച്ച് കൂടുതൽ കിട്ടിയ ആൾ, കുറവു കിട്ടിയ ആൾ എന്ന രീതിയിൽ താരതമ്യം ചെയ്ത് ചാർട്ടിൽ തുകയും പേരും എഴുതുന്നു.
- ഓരോ ഗ്രൂപ്പും ചാർട്ട് പ്രദർശിപ്പിച്ച് അവതരിപ്പിക്കുന്നു.
- പരസ്പരം പരിശോധിച്ച് വിലയിരുത്തുന്നു.
- ഏറ്റവും കൂടുതൽ തുക കിട്ടിയ ഭാഗ്യശാലി ആരാണ്..?
- ചാർട്ട് നോക്കി നോട്ട്ബുക്കിൽ എഴുതുന്നു..
- കൂടുതൽ കിട്ടിയതിൽ നിന്ന് കുറവിലേക്ക് ക്രമീകരിച്ചെഴുതുന്നു.

**പ്രവർത്തനം 2 – വീട് നിർമ്മാണം**

സാവിത്രിക്കുട്ടിക്ക് കളിവീടുണ്ടാക്കിക്കൊടുത്തത് ആരാണ്..?

വേലു ചേട്ടനെ എങ്ങനെയായിരിക്കും സാവിത്രിക്കുട്ടി സഹായിച്ചത്.?

ടി.ബി പേജ് 29 ലെ സംഭാഷണം വ്യക്തിഗതമായി വായിക്കുന്നു. 2/3 പേർ ഉറക്കെ വായിക്കുന്നു...

| | |
|---|---|
| വേലു ചേട്ടനെ സഹായിക്കാൻ സുനിൽ എത്ര രൂപയാണ് നൽകിയത് ?<br><br>ഐ.സി.ടി സ്ലൈഡ് പ്രദർശിപ്പിക്കുന്നു..?<br><br>എത്ര പത്തു രൂപ ?<br><br>7 പത്ത് രൂപ ചേർന്നാലോ? എത്ര രൂപ ?<br><br>എത്ര 1 രൂപ ?..... 5 ഒരു രൂപ ചേർന്നാലോ....എത്ര രൂപ ?<br><br>ആകെ എത്ര രൂപയായി...?<br><br>ഏതാനും പേർ അവതരിപ്പിക്കുന്നു..<br><br>ടീച്ചർ ക്രോഡീകരിക്കുന്നു...<br><br>ടി.ബി പേജ് നമ്പർ 29 ... വ്യക്തിഗതമായി കുട്ടികൾ കണ്ടെത്തുന്നു.. പട്ടികയിലെ കളങ്ങളിൽ എഴുതുന്നു... ടീച്ചർ വിലയിരുത്തുന്നു.. കളിനോട്ടുകൾ... നാണയങ്ങൾ ഉപയോഗിച്ച് സഹായം നല്കുന്നു..<br><br>**<u>രശീതി നൽകാം _ സംഭാവന നൽകാം</u>**<br>സംഭാവനകൾ നൽകുമ്പോൾ ലഭിക്കുന്ന രശീതിനെക്കുറിച്ച് ചർച്ച<br>ഉത്സവത്തിനും മറ്റ് ആഘോഷങ്ങൾക്കും സംഭാവന വാങ്ങാൻ ആളുകൾ വരാറില്ലേ...?<br>സംഭാവന നൽകുമ്പോൾ അവർ നമുക്ക് എന്തെങ്കിലും തരാറുണ്ടോ...?<br>രശീതിയിൽ എന്തൊക്കെ കാര്യങ്ങളാണുള്ളത് ?<br>ടീച്ചർ ഏതാനും രശീതുകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു... ഏതാനും പേർ വായിച്ചവതരിപ്പിക്കുന്നു.... തുടർന്ന് 5 പേർ വീതമുള്ള ഗ്രൂപ്പാക്കുന്നു... ഗ്രൂപ്പിൽ രശീതി രൂപത്തിൽ തയ്യാറാക്കിയ പേപ്പർ സ്ലിപ്പുകൾ കുട്ടിക്ക് ഒന്ന് വെച്ച് നൽകുന്നു... കാർഡെടുക്കാം ഭാഗ്യം നോക്കാം എന്ന മുൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രൂപ്പുകൾ തയ്യാറാക്കിയ ചാർട്ടുകൾ ഓരോന്നു വീതം ഗ്രൂപ്പിൽ നൽകുന്നു... പത്തുകളും ഒന്നുകളും ചേർത്തെഴുതിയ തുകയ്ക്കു തുല്യമായ രശീത് ഗ്രൂപ്പിൽ തയ്യാറാക്കുന്നു.. ഗ്രൂപ്പുകൾ പരസ്പരം കൈമാറുന്നു... വിലയിരുത്തി വായിച്ചവതരിപ്പിക്കുന്നു... ചാർട്ടിൽ ഓരോ ഗ്രൂപ്പും രശീത് ഒട്ടിച്ച് പ്രദർശിപ്പിക്കുന്നു.. സംഖ്യ അക്കത്തിലും അക്ഷരത്തിലും എഴുതിയത് വിലയിരുത്തുന്നു...... ടീച്ചർ വിലയിരുത്തുന്നു. ശേഷം ടി.ബി പേജ് 30 ലെ രശീതുകൾ എഴുതുന്നു ( വ്യക്തിഗതം ) ടീച്ചർ വിലയിരുത്തുന്നു. നോട്ട് ബുക്കിൽ രശീത് വരച്ച് എഴുതുന്നു.<br>**<u>നോട്ടുകളാക്കാം</u>**<br>സംഭാവന ലഭിച്ച പണം ഒരുമിച്ച് ചേർത്ത് വെച്ചു. ചില്ലറയെല്ലാം നോട്ടുകളാക്കി മാറ്റണം. സുനിൽ പറഞ്ഞു. അവർ ഒരേ പോലെയുള്ള ചില്ലറകൾ ചേർത്തുവെച്ചു. 25 ഒരു രൂപ നാണയങ്ങൾ. സുനിൽ അതുമായി തൊട്ടടുത്ത കടയിൽ പോയി നോട്ടുകളാക്കി മാറ്റി. ഏതെല്ലാം ലഭിച്ചിട്ടുണ്ടാകും..?<br><br>ചർച്ച-<br><br>• 25 രൂപയിൽ താഴെയുള്ള നോട്ടുകൾ ഏതെല്ലാം ?..........1,2,5,10,20 | |

- ഏതൊക്കെ നോട്ടുകൾ എത്ര ലഭിച്ച എന്ന് വ്യക്തിഗതമായി എഴുതുന്നു...?
- കളിനോട്ടുകൾ വെച്ച് പരസ്പരം പരിശോധന അവതരണം.... ക്രോഡീകരണം..?
- 20 രണ്ട് രൂപ നാണയങ്ങൾ നോട്ടുകളാക്കി മാറ്റിയാൽ ഏതെല്ലാം കറൻസികൾ ഉണ്ടാകും...?
- 20 രണ്ട് രൂപ ചേർന്നാൽ എത്ര രൂപ എന്ന് കണ്ടെത്തണം
- കറൻസികൾ ഏതെല്ലാമാവാം...സാധ്യതകൾ എഴുതുന്നു...
- ചിത്രീകരിക്കുന്നു.... - തുടർന്ന് വർക്ക്ഷീറ്റ് 1 -കറൻസി വ്യാഖ്യാനം ചെയ്യുന്നത് നൽകുന്നു....

**എത്ര തീപ്പെട്ടിക്കൂടുകൾ**

ടി.ബി പേജ് നമ്പർ 32 ലെ പ്രവർത്തനം അവതരിപ്പിക്കുന്നു... പൊട്ട്/ സ്റ്റാർ സ്റ്റിക്കർ / മഞ്ചാടി ഏതെങ്കിലും അടുക്കിവെയ്ക്കുന്നു.. ആകെ എത്ര പൊട്ടുകൾ എന്ന് ഓരോന്നായി എണ്ണിനോക്കാതെ എങ്ങനെ പറയാം ?

ചർച്ച - 10 ന്റെ കൂട്ടങ്ങളായി എളുപ്പത്തിൽ എങ്ങനെ മാറ്റാം...?

മുകളിലുള്ള ഒന്ന് താഴെയുള്ള 9 നോട് ചേർത്തു വെക്കുന്നു...അതു പോലെ എല്ലാവരും ചെയ്യുന്നു. പറ്റാവുന്നത്ര 10 ന്റെ കൂട്ടങ്ങളാക്കുന്നു.. ഇപ്പോൾ എത്ര പത്തുകൾ.... എത്ര ഒന്നുകൾ.... ആകെ എത്ര ? ടി.ബി യിലെ കളങ്ങൾ പൂർത്തിയാക്കുന്നു....

**ആകെ എത്ര**

ടി.ബി യിലെ പ്രശ്നമവതരിപ്പിക്കുന്നു..ആകെ തീപ്പെട്ടിക്കൂടുകളുടെ എണ്ണം എങ്ങനെ കണ്ടുപിടിക്കാം

ഓരോ കൂട്ടത്തിലും എത്ര പത്തുകൾ വീതം( 3 പത്ത്....2 പത്ത്..)

ആകെ എത്ര പത്തുകൾ..?

ഓരോ കൂട്ടത്തിലും എത്ര ഒന്നുകൾ വീതം ( 4 ഒന്നുകൾ.... 5 ഒന്നുകൾ )

ആകെ എത്ര ഒന്നുകൾ...

5 പത്തുകൾ 9 ഒന്നുകൾ.... സങ്കലനരീതി വിശദീകരിക്കുന്നു...

**പഴം വാങ്ങാം**

ടി.ബി 34 ലെ പ്രശ്നാവതരണം... ഓരോന്നും എത്ര എന്ന് കളങ്ങൾ പൂരിപ്പിക്കുന്നു.. കളിനോട്ടുകൾ നൽകുന്നു....ആകെ എത്ര എന്ന് ചേർത്ത് വെച്ച് കണ്ടെത്തുന്നു... 55 രൂപയുടെ പഴം വാങ്ങിയാൽ ബാക്കി നോട്ട്ബുക്കിൽ എഴുതി കണ്ടെത്തുന്നു... പ്രയാസമനുഭവപ്പെടുന്നവർക്ക് 58 രൂപയുടെ കളിനോട്ട് നൽകുന്നു....

55 രൂപയുടെ ബാക്കി കണ്ടെത്തുന്നു...

ചിരട്ടകൾ എത്ര

ടി.ബി 35 ലെ പ്രശ്നാവതരണം - ആകെ ചിരട്ടകൾ കാണാൻ എന്തുചെയ്യണം ?

രണ്ട് ചിരട്ടകളും ചേരുമ്പോൾ എണ്ണം കൂടുന്നു.. എതുക്രിയയാണ് ചെയ്യേണ്ടത്.
വ്യക്തിഗതമായി നോട്ടിൽ സങ്കലനം ചെയ്യുന്നു അവതരിപ്പിക്കുന്നു....
എങ്ങനെയൊക്കെ കൂട്ടാം ? ചർച്ച

ക്രോഡീകരണം

20+10+4+3 = 30+7=37

24+10+3 = 37

4+3 = 7, 20+10 = 30 ...... 30+7= 37

**മണ്ണപ്പം ഉണ്ടാക്കാം**

ടി.ബി പേജ് നമ്പർ 35 ലെ പ്രശ്നാവതരണം. കൂടുതൽ ഉണ്ടാക്കിയത് ആര് കണ്ടെത്തുന്നു. ടി.ബിയിൽ എഴുതുന്നു.. എത്ര കൂടുതൽ...? എന്നാൽ എങ്ങനെ..?

തുല്ല്യമെങ്കിൽ രണ്ടുപേരും എത്ര വീതം ആകാം..? 16/21

സാവിത്രിക്കുട്ടി ഉണ്ടാക്കിയ 21 എണ്ണമാകാൻ ആയിഷ എത്ര മണ്ണപ്പം കൂടി ഉണ്ടാക്കണം..?

( എത്ര കൂടുതൽ എന്നാൽ തുല്യമാകാൻ എത്ര ? എന്ന ചിന്ത ഉണ്ടാക്കണം)

രണ്ടു പേരും കൂടി ചേർന്നുണ്ടാക്കിയ മണ്ണപ്പത്തിന്റെ എണ്ണം കണ്ടെത്തി എഴുതുന്നു..?

കണ്ടെത്തിയ രീതി- വ്യത്യസ്തത-അവതരണം ക്രോഡീകരണം...

**കുറുമ്പൻ കുഞ്ഞുണ്ണി**

കുറുമ്പൻ കുഞ്ഞുണ്ണി എന്ന പ്രവർത്തനം ( ടി.ബി 36) അവതരിപ്പിക്കുന്നു...

ആകെ ഉണ്ടാക്കിയ മണ്ണപ്പത്തിൽ നിന്ന് എത്ര എണ്ണം പൊടിഞ്ഞു പോയി..?

ബാക്കി കാണാൻ എന്തു ചെയണം..?

ക്രിയ ചെയ്ത് ഉത്തരം ടി.ബി യിൽ എഴുതുന്നു....

**വേലുചേട്ടന്റെ വീട്**

ടി.ബി പേജ് നമ്പർ 36 ലെ പ്രശ്നാവതരണം.

ഓരോന്നായി എണ്ണിനോക്കാതെ ഓരോ കൂട്ടത്തിലെയും ആകെ എണ്ണം കണ്ടെത്താൻ എന്താണ ചെയ്യേണ്ടത്..?

ചർച്ച- ക്രോഡീകരണം ഓരോ കൂട്ടവും ആകെ എത്ര എന്നെഴുതുന്നു...

ആകെ കല്ലുകൾ എത്ര എന്നു കണ്ടെത്തുന്ന രീതി വിശദമാക്കുന്നു...കണ്ടെത്തി എഴുതുന്നു...

**ചെയ്തു നോക്കാം**

ഈ യൂണിറ്റിലൂടെ കുട്ടികൾ നേടിയ പഠനനേട്ടങ്ങൾ വിലയിരുത്താനുള്ള പ്രവർത്തനങ്ങളാണ് ഗോലികൾ എത്ര, ഏതൊക്കെ ചേർത്താൽ , ആർക്കാണ് കൂടുതൽ,

പാറ്റേൺ പൂർത്തിയാക്കാം, അബാക്കസിലെ സംഖ്യ എന്നിവ. ഇവ കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. ശേഷം എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നു.... പഠനനേട്ടങ്ങൾ പൂർണമായി നേടാത്തവർക്കായി അധികപ്രവർത്തനങ്ങളും വർക്ക്ഷീറ്റും ടീച്ചർ ഉണ്ടാക്കി നൽകുന്നു......

**അബാക്കസിൽ**

- അബാക്കസ് പരിചയപ്പെടുന്നു...മുത്തുകൾ അബാക്കസിൽ ക്രമീകരിച്ച് 4-5 സംഖ്യകൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു....
- ടീച്ചർ ക്ലാസിൽ പൊതുവായി ഒരു അബാക്കസ് വെക്കുന്നു...

  1 മുതൽ 99 വരെയുള്ള സംഖ്യാ കാർഡുകൾ ഒരു പാത്രത്തിൽ നറുക്കായും വെക്കുന്നു...
- ഓരോ കുട്ടികളായി മുന്നോട്ട് വന്ന് ഒരു നറുക്കെടുത്ത് നറുക്കിലെ സംഖ്യ അബാക്കസിൽ ക്രമീകരിക്കുന്നു...
- മറ്റു കുട്ടികൾ അബാക്കസ് നോക്കി സംഖ്യ എഴുതുന്നു..
- കുട്ടി നറുക്കിലെ സംഖ്യ കാണിക്കുന്നു. അബാക്കസുമായി താരതമ്യം ചെയ്ത് ശരിയാണെങ്കിൽ കൈയ്യടിക്കുന്നു..
- എല്ലാ കുട്ടികളും നറുക്കെടുത്ത് സംഖ്യ നിർമ്മിക്കുന്നതു വരെ പ്രവർത്തനം തുടരുന്നു...

ടി.ബി 39, 40, 41 ലെ പ്രവർത്തനങ്ങൾ ചെയ്യുന്നു...

**മുത്ത് വരയ്ക്കാം**


സ്ഥാനവില തിരിച്ചറിയാനും അബാക്കസിൽ അതിനനുസരിച്ച് സംഖ്യ ക്രമീകരിക്കാനുമുള്ള പ്രവർത്തനമാണിത് 5 കുട്ടികൾക്ക് ഒന്ന് വെച്ച് ( ഒന്നിന്റെയും പത്തിന്റെയും സ്ഥാനമുള്ള) അബാക്കസ് നിർമ്മിച്ചത് നൽകുന്നു.....18 മുത്തുകളും നൽകുന്നു( ചുവപ്പ്, നീല ) ഒരു ഗ്രൂപ്പ് അബാക്കസിൽ ഒന്നിന്റെയും പത്തിന്റെയും സ്ഥാനത്ത് മുത്തുകളിട്ട് കാണിക്കുന്നു.... രണ്ടാം ഗ്രൂപ്പിലെ പേര് വിളിക്കുന്ന കുട്ടി സംഖ്യ വിളിച്ചു പറയുന്നു... ശരിയാണെങ്കിൽ ഗ്രൂപ്പിന് 1 മാർക്ക് ടീച്ചർ ബോർഡിൽ രേഖപ്പെടുത്തുന്നു...ഇതേ രീതിയിൽ കളി തുടരുന്നു... വിജയിച്ച ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു... തുടർന്ന് ടീച്ചർ അബാക്കസിൽ ഒന്നിന്റെയും പത്തിന്റെയും സ്ഥാനത്ത് മുത്തുകളിട്ട് കാണിക്കുന്നു... കുട്ടികളോട് നോട്ട് ബുക്കിൽ വരയ്ക്കാൻ പറയുന്നു... സംഖ്യ എഴുതുന്നനു....( 5 ചിത്രങ്ങളും അത് സൂചിപ്പിക്കുന്ന സംഖ്യയും എഴുതുന്നു) ശേഷം ടി.ബി യിലെ പ്രവർത്തനം പൂർത്തിയാക്കുന്നു... ക്ലാസിലെ കുട്ടികളുടെ എണ്ണം ടി.ബിയിൽ എഴുതുന്നു.. ചിത്രീകരിക്കുന്നു...

**തുക കാണാം**

അബാക്കസ് ഉപയോഗിച്ച് രണ്ടു സംഖ്യകളുടെ തുക കാണാനുള്ള പ്രവർത്തനമാണിത്. ആ രീതി ടീച്ചർ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു...

- 3 അബാക്കസ് മേശപ്പുറത്ത് വയ്ക്കുന്നു....

- ആദ്യത്തേതിൽ 12 എന്ന സംഖ്യ ക്രമീകരിക്കാൻ പറയുന്നു...
- ഒരു കുട്ടി ക്രമീകരിക്കുന്നു...
- അടുത്തതിൽ 13 എന്ന സംഖ്യ ക്രമീകരിക്കാൻ പറയുന്നു...
- മറ്റൊരു കുട്ടി ക്രമീകരിക്കുന്നു...
- രണ്ടിന്റെയും തുക കണ്ടെത്തി മൂന്നാമത്തെ അബാക്കസിൽ ക്രമീകരിക്കാൻ പറയുന്നു....
- വേറൊരു കുട്ടി ക്രമീകരിക്കുന്നു..




സംഖ്യകൾ മാറ്റി ആവർത്തിക്കുന്നു( പുനക്രമീകരണം വരാത്തവ മതി) തുടർന്ന് ടി.ബി പേജ് 41 ലെ അബാക്കസിൽ ക്രമീകരിച്ച സംഖ്യയും അവയുടെ തുകയും കണ്ടെത്തി എഴുതുന്നു....

അബാക്കസ് ഉപയോഗിച്ച് ഗ്രൂപ്പ് മത്സരമായി ഈ പ്രവർത്തനം ആവർത്തിക്കുന്നു... സംഖ്യകളും ക്രിയകളും നോട്ട് ബുക്കിൽ എഴുതുന്നു.....

**ചെയ്തു നോക്കാം**

ഈ യൂണിറ്റിലൂടെ കുട്ടികൾ നേടിയ പഠനനേട്ടങ്ങൾ വിലയിരുത്താനുള്ള പ്രവർത്തനങ്ങളാണ് ഗോലികൾ എത്ര, ഏതൊക്കെ ചേർത്താൽ , ആർക്കാണ് കൂടുതൽ, പാറ്റേൺ പൂർത്തിയാക്കാം, അബാക്കസിലെ സംഖ്യ എന്നിവ. ഇവ കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. ശേഷം എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നു.... പഠനനേട്ടങ്ങൾ പൂർണമായി നേടാത്തവർക്കായി അധികപ്രവർത്തനങ്ങളും വർക്ക്ഷീറ്റും ടീച്ചർ ഉണ്ടാക്കി നൽകുന്നു......

**1 മുതൽ 99 വരെ**

ടീച്ചർ ഒരു പാറ്റേൺ അവതരിപ്പിക്കുന്നു...

**6,16,26,36,46,56,66,76,86,96**

സംഖ്യ പാറ്റേണിലെ സംഖ്യകളുടെ പ്രത്യേകതകൾ കുട്ടികൾ പറയുന്നു...

ടിച്ചർ സൂചനകൾ

* സംഖ്യകൾ തമ്മിലുള്ള വ്യത്യാസം

* ഒന്നുകളുടെ സ്ഥാനത്തെ സംഖ്യകളുടെ പ്രത്യേകത..

* പത്തുകളുടെ സ്ഥാനത്തെ സംഖ്യകളുടെ പ്രത്യേകത..

* ഓരോ സംഖ്യയിലെയും അക്കങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളുടെ പ്രത്യേകത..

*

*

കുട്ടികളുടെ അവതരണം....ടീച്ചറുടെ ക്രോഡീകരണം....

* അടുത്തടുത്ത രണ്ട് സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 10 ആണ്

* എല്ലാ സംഖ്യകളിലും ഒന്നുകളുടെ സ്ഥാനത്ത് 6 ആണ്...

* പത്തുകളും സ്ഥാനത്തെ സംഖ്യ ക്രമമായി (1,2,3......) വർദ്ധിച്ച വരുന്നു

*

*

ടി.ബി പേജ് നമ്പർ 37 ലെ പ്രശ്നം അവതരിപ്പിക്കുന്നു...

- പട്ടികയിലെ ഒന്നുകളുടെ സ്ഥാനത്ത് 5 വരുന്ന സംഖ്യകൾ പൂരിപ്പിക്കുന്നു...
- വിട്ടുപോയ കളങ്ങൾ പൂരിപ്പിക്കുന്നു
- ചോദ്യങ്ങൾ വായിച്ച് പട്ടിക നോക്കി എണ്ണം എഴുതുന്നു...
- ഒന്നിന്റെ സ്ഥാനത്ത് 1 – 9 വരെ എത്ര തവണ ആവർത്തിക്കും
- പട്ടിക നോക്കി നിഗമനം രൂപീകരിക്കുന്നു
- ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു...

**എത്ര തവണ**

1 മുതൽ 99 വരെ എഴുതുമ്പോൾ 7 എന്ന അക്കം വരുന്ന സംഖ്യകൾ കുട്ടികൾ എഴുതുന്നു( വ്യക്തിഗതം )

അവതരണം ... ടീച്ചർ ബോർഡിൽ ക്രോഡീകരണം

അവയെ 10 ന്റെ സ്ഥാനത്ത് 7 വരുന്ന സംഖ്യകളെയും ഒന്നിന്റെ സ്ഥാനത്ത് 7 വരുന്ന സംഖ്യകളെയും തരം തിരിച്ചെഴുതുന്നു അവതരിപ്പിക്കുന്നു...ടീച്ചർ ബോർഡിൽ ക്രോഡീകരണം

പത്തിന്റെ സ്ഥാനത്ത് 7 വരുന്ന എത്ര സംഖ്യകൾ?

ഒന്നിന്റെ സ്ഥാനത്ത് 7 വരുന്ന സംഖ്യകൾ ?

പത്തിന്റെയും ഒന്നിന്റെയും സ്ഥാനത്ത് 7 വരുന്ന സംഖ്യകൾ ഏത് ?

ടി.ബി കളങ്ങൾ പൂരിപ്പിക്കുന്നു...

**ചെയ്തു നോക്കാം**

ഈ യൂണിറ്റിലൂടെ കുട്ടികൾ നേടിയ പഠനനേട്ടങ്ങൾ വിലയിരുത്താനുള്ള പ്രവർത്തനങ്ങളാണ് ഗോലികൾ എത്ര, ഏതൊക്കെ ചേർത്താൽ , ആർക്കാണ് കൂടുതൽ, പാറ്റേൺ പൂർത്തിയാക്കാം, അബാക്കസിലെ സംഖ്യ എന്നിവ. ഇവ കുട്ടികൾ

| | |
|---|---|
| വ്യക്തിഗതമായി ചെയ്യുന്നു. ശേഷം എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നു.... പഠനനേട്ടങ്ങൾ പൂർണമായി നേടാത്തവർക്കായി അധികപ്രവർത്തനങ്ങളും വർക്ക്ഷീറ്റും ടീച്ചർ ഉണ്ടാക്കി നൽകുന്നു...... | |